compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 05
Tuesday, 05th August 2025

1200 കർക്കടകം 20
20th Karkadakam 1200

1947 ശ്രാവണം 14
14th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **31**
No.

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

OFFICE OF THE CUSTODIAN (ECOLOGICALLY FRAGILE LANDS) THIRUVANANTHAPURAM

NOTIFICATION

No.EFL1-3966/2025 **Dated: 02.08.2025**

As required under section 3(2) of the Kerala Forests (Vesting and Management of Ecologically Fragile Lands) Act, 2003 (Act 21 of 2005), it is hereby notified for the information of the public that as per section (3) of the Act, the ownership and possession of the ecologically fragile lands, given in the schedule below, in the District of Palakkad, shall stand transferred to and vested in the Government free from all encumbrances and the right, title and interest of the owner or any other person thereon shall stand extinguished with effect from the date of commencement of the Act,i.e.,2nd June , 2000.

SCHEDULE

Details of Ecologically Fragile Lands vested in Government as per section 3(1) of Act 21 of 2005.

Sl. No	District	Taluk	Forest Division	Range	Locality	Village	Survey with Sub Division	Extent in Hectares (Approx)	Boundaries			
									North	East	South	West
1	2	3	4	5	6	7	8	9	10	11	12	13
									Bit II			
1	Palakkad	Alathur	Nemmara	Alathur	Neelippara (Peecharoad, Malavaram) 223/3	Kuthanur I	456/13	0.5262	Vested Forest Sy. No.456/13 pt	Private land Sy. No.456/13 pt	Vested Forest Sy. No.456/13 pt	Private land Sy. No.456/5

(Sd/-)
Custodian (Ecologically Fragile Lands)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനലൂർ ഫ്ളയിങ് സ്കാഡ് ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ SC1-45181/2024. 2025 ജൂലൈ 23.

കേരള ഗസറ്റ് നമ്പർ 36 തീയതി 16-9-2014 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പുനലൂർ ഫ്ളയിങ് സ്കാഡ് ഡിവിഷന് കീഴിലുള്ള പുനലൂർ ഫ്ളയിങ് സ്കാഡ് റെയിഞ്ചിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നതും നിലവിൽ കണ്ടം ചെയ്തതുമായ താഴെ പറയുന്ന വകുപ്പു തല സർക്കാർ വാഹനം ഇപ്പോഴുള്ള അവസ്ഥയിൽ 20-8-2025-ാം തീയതി MSTC മുഖാന്തിരം ഇ-ലേല വില്പന നടത്തുന്നതാണ്. ടി വാഹനം പ്രസ്തുത ഇ-ലേലത്തിൽ വിറ്റുപോകാത്ത പക്ഷം 26-8-2025-ൽ വീണ്ടും വില്പന നടത്തുന്നതാണ്. MSTC-യിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ അധിക വിവരത്തിനായി 0475 2222638, 9400195304 എന്നീ ഫോൺ നമ്പറുകൾ വഴി ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ—KL 01 BK 7838

വാഹനത്തിന്റെ വിവരം—Mahindra Thar Jeep 2013 Model

വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം—പുനലൂർ ഫ്ളയിങ് സ്കാഡ് റെയിഞ്ച്, പത്തനാപുരം.

നിരതദ്രവ്യം—₹ 25,000.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വ്യക്തികൾ MSTC-ൽ രജിസ്റ്റർ ചെയ്യേണ്ടതും മേൽ പറഞ്ഞ വാഹനത്തിന് നേർക്ക് കാണിച്ചിട്ടുള്ള നിരതദ്രവ്യം ലേല തീയതിക്ക് മുമ്പായി ഒടുക്കേണ്ടതുമാണ്. ലേല സ്ഥിരീകരണം ലഭിച്ച് 22 ദിവസത്തിനകം ബാക്കി തുകയും നികുതികളും ഒടുക്കി വാഹനം നീക്കം ചെയ്യേണ്ടതാണ്. 30 ദിവസത്തിനകം നീക്കംചെയ്യാതെ വന്നാൽ ഓരോ ആഴ്ചയിലും ലേലത്തുകയുടെ 1% വീതം തറവാടക ഈടാക്കി രണ്ടാഴ്ചകൂടി അധികസമയം നൽകുന്നു. ഈ കാലയളവിൽ വാഹനം നീക്കം ചെയ്യാതിരുന്നാൽ നിരതദ്രവ്യം കണ്ടുകെട്ടുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമാണ്. വനം വകുപ്പിൽ കാലാകാലങ്ങളിൽ നിലവിലുള്ള ലേല നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ്
ഓഫീസറുടെ കാര്യാലയം,
പുനലൂർ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

CHALAKUDY FOREST DIVISION

E-AUCTION NOTIFICATION

No.CA1/1450731/25 Date : **01.08.2025**

It is hereby notified for the information of the public that the right of felling ,collection and removal of marked and enumerated standing Soft wood trees in the area from Thumboormuzhy to Pillapara Parking ground(Riverside-11.5km) for the construction of Hanging Solar Fencing **(21 trees)** in Konnakuzhy Forest Station under Pariyaram Range of Chalakudy Division specified in the schedule appended below will be sold in e-auction on **08.08.2025 at 11.30 AM** subject to the terms and conditions of sale of Timber in Government Timber Depots published in Government Gazette No: 43 Vol. V dated 01.11.2016 vide Notification No. Pro (4) 26243/13 dated: 26.09.2016 of the Addl. Principal Chief Conservator of Forests (Protection) Thiruvananthapuram, subject to the conditions published by M/s MSTC Ltd through website www.mstcecommerce.com and as per general conditions of the sale of tree growth prevailing in the Department and also subject to the approval of CCF Central Circle Thrissur and following conditions. The participants of e-auction should remit Earnest Money Deposit through e-payment /e treasury before the conduct of e-auction.

E-AUCTION: SCHEDULE 1

Chalakudy Division **Pariyaram Range**

Sl No	Name of Plantation	No.of trees	Approximate quantity of Timber(m3)	Approximate quantity of Fire wood(m3)	Approximate Contract Value of Timber	Approximate Contract Value of Firewood	Total Amount
1	Thumboormuzhy to Pillapara Parking Ground(River side)	21	19.608	18.919	1,52,000	28,000	1,80,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Date and time of receipt of bid in e-auction	:	**08.08.2025 11.30 AM**
Closure of e-auction	:	**08.08.2025 3.30 PM**
If it remain unsold or e-auction could not be conducted on the proposed date ,it will be conducted on		**18.08.25, 29.08.25,08.09.25,18.09.25 & 29.09.25 11.30 AM**
Earnest Money Deposit (EMD)	:	**Rs. 25,000/-**
Period of contract	:	**30 days from the date of intimation of confirmation order**

Intending bidders may inspect the plantations and satisfy themselves with the area of plantation, quantity and quality of the produce before participating in the e-auction. Complaints if any regarding quality and quantity etc. received after the e-auction will not be entertained

Auction shall be subject to the depot auction terms and conditions published as Pro (5) 26274/12 dt 11.12.2012 of Additional Principal Chief Conservator of Forests (FM) Tvm and other existing conditions relating to the sale of standing trees and the following conditions . Intending Tenderers/Bidders should deposit an Earnest Money Deposit of Rs.25,000/- (Rupees Twenty Five Thousand only) till 6 pm on the previous day of the auction through e-chalan in e-treasury in the head of account of account 0408-01-101-99-05 for participating in the e-auction. Send the copy of above e-chalan to the e-mail id dfo.clkdy.for@kerala.gov.in. The buyer registration number has to be mentioned while paying the EMD.

Sale Conditions

1. The successful Tenderers/Bidders have to remit 35% of the sale value , after adjusting E.M.D already remitted, within 07 days from the date of confirmation. If he fails to remit this amount, the EMD will be forfeited to Government and the area will be re-auctioned at his risk and loss.
2. In case of unsuccessful bidders , the E.M.D will be returned to the bidders
3. In case the notified date happens to be a public holiday , the auction will be conducted on the next working day at the notified place and time.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. Intending bidders may inspect the plantations and satisfy themselves with the area of plantation, quantity and quality of the produce before participating in the e-auction. Complaints if any regarding quality and quantity etc. received after the e-auction will not be entertained

5. The confirmation of the e-auction sale will ordinarily be communicated to the party concerned as early as possible. Within 15 days from the date of issue of acceptance letter, the successful tenderers/Bidders should execute an agreement on a stamp paper worth rupees equal to an amount, 0.1% of the total Sale value , after remitting balance sale value and 5% Forest Development Tax, GST (as per Rule) and Income Tax at the rate in force and security deposit of 5% for the total sale value. In case of failure to remit the amount within 15 days extension shall be granted by the Divisional Forest Officer for 15 days subject to the realization of 12% penal interest. Further extension for 15 days shall be granted by the Divisional Forest Officer subject to the realization of 24% penal interest. But all the extension periods mentioned above will be within the original contract period.

6. The participating Tenderers/Bidders have rights for the felling, collection and removal of marked and enumerated standing trees only and they have no right for felling, collection and removal of others.
7. The successful bidders have to pay FDT (Forest Development Tax), GST, Income Tax, and all other relevant taxes and charges at the rate prevailing from time to time.
8. No post offer is permitted in the e-auction.
9. The period of contract will be 30 days from the date of intimation of confirmation. No extension of the period of contract shall normally be granted on any ground. Under very special circumstances, for good and sufficient reasons, the Chief Conservator of Forests concerned may grant extension of time for one month each respectively on realization of penalty or penalties for completion of each work for each month mentioned below.

a) Unremoved registered logs and unregistered logs- Rs.100/- per m^3 or fraction thereof.

b) Unremoved firewood- Rs.50/- per Tone or fraction thereof.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Penalty will be assessed and realized on timber, firewood as the case may be which are either uncollected or unremoved during the original contract period. The penalty for the first month shall be realized as per above rates, double the rate for the second month shall be realized. If the Tenderer/Bidder fail to remove the entire produce within the above extended period, the whole timber and firewood collected by the tenderer as per the agreement will be forfeited to government and the Tenderer/Bidder shall not have any right on the produce confiscated to government.

In the above circumstances, the balance work to be executed by the tenderer shall be completed departmentally and all the loss sustained to government in this regard shall be realized from the tenderer/bidder

10. The purchaser shall not assign or transfer the allotted plantations to any other person or party.
11. The contractor or his agent shall enter into the coupe only after getting the written permission from the Divisional Forest Officer, Chalakudy or Range Forest Officer, Pariyaram
12. The contractor shall at all time during the currency of the contract, keep the boundaries cleared to a width of 2 meters and keep the cairns intact.

13. A duly authorized agent of the purchaser shall be present at all the times in the contract area. Purchaser may employ an agent or agents to assist them in the work but no such agent shall be considered as duly authorized agent unless his name, residence and a specimen of his signature have been submitted to the Divisional Forest Officer and approved by him. Divisional Forest Officer reserves to himself the power to object to any of those men appointed as such, by the Purchaser on sufficient grounds. The Purchaser shall not engage as their agent or workmen or any person blacklisted by the Kerala Forest Department or Government.

14. The Purchaser, their agent and workmen shall comply with the orders and instructions issued by the authorized officers of Kerala Forest Department including Beat Forest Officers, Section Forest Officers, Deputy Range Forest Officers, Range Forest Officers and Divisional Forest Officer from time to time in the matter of collection and removal of produce under the contract.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

15. The contractor will be liable for any damage or loss caused to other trees in the nearby plantations, if any or in the reserve

16. The Purchaser shall be liable for any loss caused to the produce collected by them by the way of fire, theft or any other means caused due to any action or omission by purchaser's officials or their agents. Purchaser may insure the produce collected by them from the allotted area against fire, theft or any other loss as per the Rules governing the insurance of goods and shall pay to the Kerala Forest Department the value of any such produce lost due to fire, theft or any other means.

17. The Purchaser, their agent and workmen shall be dealt with as per the provisions under Kerala Forest Act and Rules. They shall not knowingly give any shelter within the contract area to any person who has committed any criminal offence.

18. The security deposit will be refunded only after the successful completion of the Agreement conditions after producing the clearance certificates of Sales Tax, GST, Income Tax, If there is any liabilities outstanding in this respect to the government, that will be adjusted from the security deposit of the contractor.

19. All common conditions regarding sale coupes are also applicable to this e-auction.

20. The license for the removal of felled trees from the site shall be issued only after full payment of tender and taxes. The contractor shall obtain a pass from the forest department to removed the felled trees from the site.

21. The bidder will be liable for all the illegal activities occurred within 0.4 km perimeter of the above mentioned area. Any such activities noticed should be reported to the forest officials by the contractor, otherwise the contract will be cancelled.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

22. The contractor will be liable for any damage or loss during the felling and removal of trees that may be caused, to the accidental death of contractor's employees ,Government or public.

23. If any modification or change in the sale condition are intimated by the Additional Principal Chief Conservator of Forests (Pro) Thiruvananthapuram that will be also be applicable to this e-auction . Divisional forest officer shall be the authority to interpret all or any of the conditions laid down within the contract and their decision shall be final and binding on Purchaser. All disputes arising out of or anyway connected with the contract shall be deemed to have arisen in Pariyaram Range area and within the jurisdiction of Chalakudy Court, Thrissur which court shall determine such disputes.

24. All common conditions regarding sale coupes are also applicable to this e-auction. The license for the removal of timber and firewood collected from the coupe should be issued only on the basis of the prevailing norms.

25. The starting price quoted in below the seigniorage rate calculated as per government rate, therefore before awarding the work to successful bidder needful approval will be sought from government .

Further details can be sought from the office of the undersigned or from the office of the Range Forest Officer, Pariyaram on all working days.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SCHEDULE I

Abstract: Softwood trees in the area from Thumboormuzhy to Pillappara Parking Ground in Konnakuzhy Forest Station in Pariyaram Range							
Sl No	**Species**	**No of Trees**	**Approximate quantity of Timber Volume (M3)**	**Approximate quantity of Firewood Volume (MT)**	**Approximate Value Of Timber**	**Approximate Value of Firewood**	**Total Value**
1	Pala	2	3.042	3.549	22511	5217	27728
2	Choolamaram 1 B/Kattadi	2	0.667	0.832	2201	1223	3424
3	Kattumaram	2	2.13	1.804	15592	2652	18244
4	Aval	1	0.552	0.443	1904	651	2555
5	Kanjiram	1	0.115	0.389	380	572	952
6	Vatta	10	11.066	10.269	101807	15095	116902
7	Venga	1	0.552	0.443	2754	651	3405
8	Vaka IB	1	0.932	0.747	3075	1098	4173
9	Vaka IIB	1	0.552	0.443	1639	651	2290
	Total	**21**	**19.608**	**18.919**			

Phone No. – Divisional Forest Office, Chalakudy dDivision:0480 2701340

Range Forest Office Pariyaram: 0480 2746058, 8547606182

sd/

M.Venkateshwaran IFS

Divisional Forest Officer , Chalakudy

(For and on behalf of the Governor of the State of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചാലക്കുടി ഫോറസ്റ്റ് ഡിവിഷൻ

ഇ -ലേല പരസ്യം

നം. സിഎ1-1450731/25 തീയതി 01.08.2025

ചാലക്കുടി ഡിവിഷനിലെ പരിയാരം റെയ്ഞ്ചിൽ **തുമ്പൂർമുഴി മുതൽ പിള്ളപ്പാറ പാർക്കിംഗ് ഗ്രൗണ്ട് വരെയുള്ള പ്രദേശങ്ങളിലെ നിൽപ്പാവസ്ഥയിലുള്ള മൂട്ടു മരങ്ങൾ (ഹാങ്ങിംഗ് സോളാർ ഫെൻസിങ് നിർമ്മാണം)** താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം 01.11.2016 ലെ കേരള ഗസറ്റ് നമ്പർ 43, വാല്യം 5 യിൽ നം പ്രൊ-4-26243/13 തീയതി 26.09.2016 ആയി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർക്കാർ ഡിപ്പോകളിൽ തടി വിൽക്കുന്നതിനുള്ള പൊതു ഇ ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള നിൽപ്പമരങ്ങൾ ലേലം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC Ltd, www.mstcecommerce.com എന്ന വെബ് സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥയ്ക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിലും താഴെ പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി M/s MSTC Ltd മുഖേന 08.08.2025 ന് 11.30 AM മണിക്ക് ഇ -ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ് ഇ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യക്തികൾ ഇ -ലേലത്തിന് മുൻപ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ -പേയ്മെന്റ് /ഇ ട്രഷറി വഴി കെട്ടിവക്കേണ്ടതാണ് . ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തണം

ഇ-ലേല പട്ടിക

ചാലക്കുടി ഡിവിഷൻ **പരിയാരം** റെയ്ഞ്ച്

ക്രമനമ്പർ	തോട്ടത്തിൻറെ പേര്	മരങ്ങളുടെ എണ്ണം	അളവ് (m3)	വിറകിന്റെ അളവ് (M^3)	തടിയുടെ മതിപ്പ് വില	വിറകിന്റെ മതിപ്പ് വില	ആകെ വില
1	തുമ്പൂർമുഴി മുതൽ പിള്ളപ്പാറ പാർക്കിംഗ് ഗ്രൗണ്ട് വരെയുള്ള പ്രദേശം	21	19.608	18.919	1,52,000	28,000	1,80,000

ഇ -ലേലം കൊള്ളുന്നതിനുള്ള തീയതിയും സമയവും	08.08.2025 11.30 AM
ഇ -ലേലം അവസാനിക്കുന്ന തീയതിയും സമയവും	08.08.2025 03.30 PM
22.04.2025 ൽ ലേലം നടന്നില്ലെങ്കിൽ പകരം ഇ -ലേലം നടക്കുന്ന തീയതിയും സമയവും	18.08.2025,29.08.25,08.09.25,18.09.25 & 29.09.2025 11.30 AM
നിരതദ്രവ്യം	**25,000**/ രൂപ
കരാർ കാലാവധി	ഇ -ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 30 ദിവസം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ലേലത്തിനു മുമ്പുതന്നെ മരങ്ങളുടെ അളവും ഗുണനിലവാരവും എന്നിവ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ലേലവ്യവസ്ഥകൾ വായിച്ചുനോക്കി ബോധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധിച്ച പരാതികളൊന്നും സ്വീകരിക്കുന്നതല്ല.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരത്തിന്റെ 11.12.2012 ലെ പ്രൊ(5)26274/12-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പു മരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റു വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിന് തൊട്ടുമുമ്പത്തെ ദിവസം വൈകീട്ട് 6.00 മണിക്ക് മുമ്പായി നിരതദ്രവ്യമായ 25,000/- രൂപ ഇ-ട്രഷറിയിൽ ഇ-ചലാൻ മുഖേന 0406-01-101-99-05 എന്ന ഹെഡിൽ അടയ്ക്കാവുന്നതാണ്. ഇ-ചലാൻ പകർപ്പ് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ മെയിൽ ഐ.ഡി. ആയ dfo.clkdy.for@kerala.gov.in ലേക്ക് ഇ-മെയിൽ മുഖാന്തിരം അയക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരനു മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ഇ-ലേല നിബന്ധനകൾ

1. വിജയി ആകുന്ന ലേലക്കാരൻ ലേലസ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ 35% (മുപ്പത്തിയഞ്ച് ശതമാനം) തുക (നിരതദ്രവ്യം കുറച്ചതിനുശേഷമുള്ള തുക) ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
2. ലേലത്തിൽ പരാജയപ്പെടുന്ന ലേലക്കാരന്റെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. ലേലത്തിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ലേലം നടത്തുന്നതായിരിക്കും.
4. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപ്പന്നങ്ങളുടെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച യാതൊരു പരാതികളും ലേലത്തിൽ പരിഗണിക്കുന്നതുമല്ല.
5. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 5% വനവികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്ക് സേവനനികുതി, വരുമാനനികുതി എന്നിവയും ഒടുക്കി മൊത്തം ലേലത്തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ച് മൊത്തം ലേലത്തുകയുടെ 0.1 % രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 12% പലിശയോടുകൂടി തുകകൾ ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തംപോലെ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ് എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.

6. ലേലം കൊള്ളുന്ന ആൾക്ക് നിശ്ചിത വിസ്തൃതിയിലുള്ള തോട്ടത്തിൽ മാർക്ക് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്കും മാത്രം അവകാശമുള്ളതും ലേലം കൊള്ളുന്ന തോട്ടത്തിലെ മറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നും തന്നെ മുറിച്ച് നീക്കം ചെയ്യുന്നതിന് അവകാശമില്ലാത്തതുമാകുന്നു.
7. വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ജി.എസ്.ടി, വനവികസനനികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്.
8. ഇ-ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
9. കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയതി മുതൽ 30 ദിവസമാണ്. സാധാരണ ഗതിയിൽ കൂപ്പിന്റെ കാലാവധി നീട്ടികൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അടിസ്ഥാനത്തിലും, തൃശ്ശൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ താഴെ പറയും പ്രകാരം കൂപ്പിന് ഒരു മാസം വരെ കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

a. മുറിച്ച മരങ്ങൾ കൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന മരങ്ങൾക്ക് കൂബിക്ക് മീറ്ററിന് 100 രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

b. വിറക് കൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന വിറകിന് ഒരു ടണ്ണിന് 50 രൂപാ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

കോൺട്രാക്ട് കാലാവധിക്കുളളിൽ നീക്കം ചെയ്യപ്പെടാത്ത തടിക്കും, വിറകിനുമാണ് പിഴ ഈടാക്കുന്നത്. ഇപ്രകാരം നീട്ടി നൽകുന്ന തിയതിക്കുള്ളിലും നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി ഗവൺമെന്റിലേക്ക് മുതൽ കൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടാകുന്നതുമല്ല. ഉടമ്പടിക്കാരൻ ചെയ്തു തീർക്കുവാനുള്ള ജോലികൾ ഡിപ്പാർട്ട്മെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചെലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും .

10. ലേലത്തിലെടുത്തിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ ,സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല .

11. ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടേയോ, പരിയാരം റെയിഞ്ചാഫീസറുടേയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ അയാളുടെ ആളുകളോ കൂപ്പിൽ പ്രവേശിക്കുവാൻ പാടുള്ളൂ.

12. ലേലക്കാരൻ കൂപ്പിന്റെ കാലാവധി തീരുന്നതുവരെ എല്ലാ സമയവും കൂപ്പിൽ ഉണ്ടായിരിക്കണം. കൂപ്പിന്റെ ബൗണ്ടറികൾ രണ്ട് മീറ്റർ വീതിയിൽ തെളിയിക്കുകയും ജണ്ടകൾ യഥാവിധി സംരക്ഷിക്കേണ്ടതുമാണ്.

13. കരാർ ഏറ്റെടുതിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജൻറ്ൻറെ സേവനം എല്ലായ്പോഴും ലഭ്യമാക്കേണ്ടതാണ് . ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജൻറ് / ഏജൻറ്മാരുടെ പേര് ,അഡ്രസ്സ് ,സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ ചാലക്കുടി ഡിവിഷൻ ഫോറെസ്റ്റ് ഓഫീസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് . ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജൻറ്നെ നിരസിക്കുവാനുള്ള അധികാരം ചാലക്കുടി ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ് . കേരള വനം വകുപ്പോ ,കേരള സർക്കാരോ കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തികളെ ഏജൻറ് ആയോ ,ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല .

14. ലേലക്കാരനും ഏജന്റും ജോലിക്കാരും കേരള വനം വകുപ്പിലെ ബീറ്റ് ഫോറെസ്റ്റ് ഓഫീസർ , സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ,ഡെപ്യൂട്ടി റെയ്ഞ്ച് ഫോറെസ്റ്റ് ഓഫീസർ ,റെയ്ഞ്ച് ഫോറെസ്റ്റ് ഓഫീസർ , ഡിവിഷൻ ഫോറെസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ് .

15. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ റിസർവ്വിലെയോ. മറ്റ് മരങ്ങൾക്കും തടികൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്തുവാൻ പാടില്ല. അത്തരത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്.

16. കരാർ വ്യവസ്ഥ പ്രകാരം വെട്ടി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ മൂലമോ ,മോഷണം മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ് . വെട്ടി ശേഖരിക്കുന്ന ഉത്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ് .

17. ലേലക്കാരനും ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരള ഫോറെസ്റ്റ് ആക്ട് ,വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ് .ക്രിമിനൽ കുറ്റങ്ങളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലിസ്ഥലത്ത് അനുവദനീയരല്ല.

18. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം കരാറുകാരൻ ജി.എസ്.ടി, ഇൻകം ടാക്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തിരിച്ചുനൽകുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ ടി ഇനത്തിൽ ഗവൺമെന്റിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

19. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

20. മുറിച്ചു മാറ്റിയ മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത് ലേലതുകയും, നികുതികളും പൂർണ്ണമായും അടച്ചതിനുശേഷം മാത്രമായിരിക്കും. മുറിച്ച മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് വനം വനംവകുപ്പിൽ നിന്ന് കരാറുകാരൻ പാസ്സ് ലഭ്യമാക്കേണ്ടതാണ്.

21. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി. മീ. ചുറ്റളവിൽ സംഭവിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്.

22. മരങ്ങൾ മുറിച്ചു നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ, സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നവർക്ക് സംഭവിക്കുന്ന അപകട മരണം എന്നിവയ്ക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

23. ഇ-ലേലം നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മറ്റൊരു അറിയിപ്പു കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

24. ഇ-ലേലം സംബന്ധിച്ച് എം.എസ്.ടി.സി. പുറപ്പെടുവിച്ചിട്ടുള്ള പൊതുനിയമങ്ങളും നടപടി ക്രമങ്ങളും മേൽ ലേലത്തിനും ബാധകമായിരിക്കും.

25. ഗവൺമെൻറ് നിരക്ക് പ്രകാരം കണക്കാക്കിയ സീനിയറേജ് നിരക്കിന് താഴെയാണ് പ്രാരംഭ വില വരുന്നതെങ്കിൽ ,വിജയിക്കുന്ന ലേലക്കാരന് വർക്ക് നൽകുന്നതിന് മുൻപ് സർക്കാരിൽ നിന്ന് ആവശ്യമായ അനുമതി തേടുന്നതാണ് .

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - e-mail dfo.clkdy.for@kerala.gov.in
ഫോൺ നമ്പർ - 0480 2701340

പരിയാരം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ് - 0480-2746058, 8547601812

SCHEDULE I

Abstract: Softwood trees in the area from Thumboormuzhy to Pillappara Parking Ground in Konnakuzhy Forest Station in Pariyaram Range							
Sl No	Species	No of Trees	Approximate quantity of Timber Volume (M3)	Approximate quantity of Firewood Volume (MT)	Approximate Value Of Timber	Approximate Value of Firewood	Total Value
1	പാല	2	3.042	3.549	22511	5217	27728
2	ചൂളമരം -1 ബി/കാറ്റാടി	2	0.667	0.832	2201	1223	3424
3	കാട്ടുമരം	2	2.13	1.804	15592	2652	18244
4	ആവൽ	1	0.552	0.443	1904	651	2555
5	കാഞ്ഞിരം	1	0.115	0.389	380	572	952
6	വട്ട	10	11.066	10.269	101807	15095	116902
7	വേങ്ങ	1	0.552	0.443	2754	651	3405
8	വാക 1-ബി	1	0.932	0.747	3075	1098	4173
9	വാക II-ബി	1	0.552	0.443	1639	651	2290
	ആകെ	**21**	**19.608**	**18.919**			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടുതൽ വിവരങ്ങൾ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 0480 2701340) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

(ഒപ്പ്)

എം. വെങ്കടേശ്വരൻ ഐ.എഫ്.എസ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർ, ചാലക്കുടി

(കേരള ഗവർണ്ണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള വനംവകുപ്പ്
പാലക്കാട് ഡിവിഷൻ

P-4994/2024 dated : 29/07/2025

പുനർ ഇ–ലേല പരസ്യം

പാലക്കാട് ഡിവിഷന്റെ പരിധിയിലുള്ള ഒലവക്കോട് റെയിഞ്ചിലെ ധോണി സെക്ഷനു കീഴിലുള്ള കല്ലടിക്കോട് എ.പി.സി. കെട്ടിടങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന നിൽപ്പുമരങ്ങളുടെ ലേലം **05/08/2025** തീയതി (11.30 മുതൽ 12.30 മണിവരെ) തീയതിയിൽ ഇ-ലേലം നടത്തുന്നതായിരിക്കും. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0491 2555156 എന്ന നമ്പറിൽ ബന്ധപ്പെടുക (പാലക്കാട് ഡിവിഷൻ).

Schedule 1

Sl No.	Lot No.	Tree Type	Timber Volume (M^3)	Firewood (MT)
		Soft Wood		
1.	48/2024	മട്ടി	0.879	0.274
2.		മട്ടി	1.247	0.435
3.		മട്ടി	1.061	0.352
4.		മട്ടി	0.369	0.085
5.		മട്ടി	1.661	0.6305
6.		മട്ടി	0.13	0.0
7.		മട്ടി	0.257	0.0355
8.		മുരിക്ക്	0.547	0.1395
9.		മുരിക്ക്	1.667	0.6305
10.		ഇലവ്	2.755	0.407

Schedule 2

Sl No.	Lot No.	Tree Type	Timber Volume (M^3)	Firewood (MT)
		Hard Wood		
1.	50/2024	മരുത്	1.799	1.291

16.09.2014-ലെ വോള്യം 3 പാർട്ട് 3, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രൊ(4)-29243/2013 നമ്പർ നിബന്ധനകളും, 04.11.2014-ലെ വോള്യം 3 പാർട്ട് 3, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ4 - 29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം 4 പാർട്ട് 3 8-ാം നമ്പർ പ്രകാരമുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ4 - 29243/2013 നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്.

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും. ടി ലേലം ചെയ്യുന്ന തടി ഉൽപ്പന്നത്തിന് 20,000/- രൂപ നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടു തലേദിവസം ഉച്ചയ്ക്ക് 2 മണിയ്ക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക എം.എസ്.റ്റി.സി.യ്ക്ക് ഓൺലൈൻ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റ് ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്.

ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ളവയുടെ അളവിൽ മാറ്റംവരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, പാലക്കാടിൽ നിക്ഷിപ്തമായിരിക്കും.

ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസർ,
കല്ലേക്കുളങ്ങര പി.ഒ., പാലക്കാട് 695 009
ഇ-മെയിൽ dfoplkd@gmail.com, dfo-plkd.for@kerala.gov.in
ഫോൺ നമ്പർ 0491 2555156.

റെയിഞ്ച് ഫോറസ്റ്റാഫീസർ,
ഒലവക്കോട്, ഫോൺ : 8547602262.

ഒപ്പ്/-
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
പാലക്കാട്
(കേരള ഗവർണർക്കുവേണ്ടി)

പാലക്കാട്
29/07/2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Kerala Forest Department
Palakkad Division

Re-e-auction Sale Notice

P-4994/2024 dated : 29/07/2025

The following quantities of dangerous standing trees under Dhoni Section Kalladikkode APC will be offered for sale by E-auction on **05/08/2025** (time 11.30 to 12.30). Those registered for auction with MSTC have the right to participate in the E-auction. Further details is available in the website www.mstc.ecommerce.com or through phone No. 0491 2555156 of this office during office hours.

Schedule 1

Sl No.	Lot No.	Tree Type	Timber Volume (M^3)	Firewood (MT)
		Soft Wood		
1.	48/2024	Matti	0.879	0.274
2.		Matti	1.247	0.435
3.		Matti	1.061	0.352
4.		Matti	0.369	0.085
5.		Matti	1.661	0.6305
6.		Matti	0.13	0.0
7.		Matti	0.257	0.0355
8.		Murikk	0.547	0.1395
9.		Murikk	1.667	0.6305
10.		Elavu	2.755	0.407

Schedule 2

Sl No.	Lot No.	Tree Type	Timber Volume (M^3)	Firewood (MT)
		Hard Wood		
1.	50/2024	Maruthu	1.799	1.291

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide Notification No. Pro4 - 29243/2013 dated 21.08.2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 36, Volume III Part III dated 16.09.2014, notification No. Pro4-29243/2013 dated 17.10.2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

published in Kerala Gazette No. 43l Volume III Part III dated 04.11.2014 and notification No. Pro4 - 29243/2013 dated 03.02.2015 of Additional Principal Chief Conservator of Forests (Vigilance), Thiruvananthapuram published in Kerala Gazette No. 08, Volume III Part III dated 24.02.2015.

The Divisional Forest Officer, Palakkad reserves all the right to exclude any class or quantity of miscellaneous poles shown in the schedule above for sale. EMD amount of Rs. 20000/- for the above trees (timber and firewood) can be remitted through online payment system to MSTC by 2 pm on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. Only the registered customers who will submit the EMD will be able to participate against the eligible lots in e-auction. If the sale value of bid materials is not paid within the specified time period against any of the bid lot by the H1 bidder, the EMD will be forfeited.

The successful bidders shall pay 35% of the bid value, after adjusting the EMD already remitted and shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala.

If any modifications or change in the sale conditions are intimated by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram that will also be applicable to this e-auction sale and it will be informed to the bidder before e-auction. The undersigned reserves the right to alter the quantities of the materials mentioned in the above schedule or to cancel the e-auction of any materials without further notice.

Further particulars can be had from the Divisional Forest Officer, Palakkad District, Kerala, PIN 678009. email : dfoplkd@gmail.com, dfo-plkd.for@kerala.gov.in Phone : 0491 2555156.

Palakkad
29/07/2025

Sd/-
Divisional Forest Officer
Palakkad
(For and on behalf of the Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മണ്ണാർക്കാട് ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ KFDDO/22392/2025-DFOMNRKD G2. 2025 ജൂലൈ 30.

മണ്ണാർക്കാട് ഡിവിഷനുകീഴിലെ മണ്ണാർക്കാട് റെയിഞ്ചിലെ പുറ്റാനിക്കാട് 1964 തേക്ക് തോട്ടത്തിൽ നിന്നും ശേഖരിച്ച 0.5 MT ബില്ലറ്റുകൾ 2025 ആഗസ്റ്റ് 8-ന് ഇ-ലേലം നടത്തുന്നതായിരിക്കും. MSTC Ltd. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 04924 222574 എന്ന നമ്പരിൽ ബന്ധപ്പെടുക.

റെയിഞ്ച്—മണ്ണാർക്കാട്.

ലൊക്കേഷൻ—തിരുവിഴാംകുന്ന്.

തടികൾ—തേക്ക് ബില്ലറ്റുകൾ.

അളവ്—0.5 MT

നിരതദ്രവ്യം—₹ 25,000.

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി — 8-8-2025.

ലേല തീയതി —8-8-2025.

അടുത്ത ലേല തീയതി—18-8-2025 & 28-8-2025.

16-9-2014-ലെ വാല്യം III, പാർട്ട് III, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21-8-2014-ലെ Pro. (4)-29243/2013 നമ്പർ നിബന്ധനകളും 4-11-2014-ലെ വാല്യം III, പാർട്ട് III, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17-10-2014-ലെ Pro. (4)-29243/2013 നമ്പർ നിബന്ധനകളും 24-2-2015-ലെ കേരള സർക്കാർ ഗസറ്റ് വാല്യം III, പാർട്ട് III, 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 3-2-2015-ലെ Pro. (4)-29243/2013 നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്.

മേൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട് ഡിവിഷനിൽ നിക്ഷിപ്തമായിരിക്കും. ടി ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ₹ 25,000 (ഇരുപത്തയ്യായിരം രൂപ) നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടുതലേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക MSTC-ക്ക് ഓൺലൈൻ വഴി ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

വിജയിയായ ലേലക്കാരൻ ഇ-ലേലത്തുകയുടെ 35% വരുന്ന തുക (നേരത്തെ അടച്ച EMD തുക കുറച്ച്) ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്. വിജയിയായ ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി.എസ്.ടി., വനവികസന നികുതി, ആദായനികുതി, ബന്ധപ്പെട്ട മറ്റ് നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുൻപ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എൻ.ഐ.സി.-യിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help Desk-ൽ നിന്നോ ഓഫീസ് സമയത്ത് ഈ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽക്കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. മേൽ കാണിച്ചിരിക്കുന്ന തീയതിയിൽ നടക്കുന്ന ഇ-ലേലത്തിൽ വിറ്റ് പോകാത്ത ഉൽപ്പന്നങ്ങളും പുതുതായി വരുന്ന ഉൽപ്പന്നങ്ങളും മേൽ കാണിച്ചിട്ടുള്ള അടുത്ത ലേല തീയതിയിൽ തന്നെ ഇ-ലേലം നടത്തുന്നതാണ്. ഇതിനായി മറ്റൊരു ഇ-ലേല പരസ്യം പ്രസിദ്ധപ്പെടുത്തുന്നതല്ല.

ലേല നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പറഞ്ഞിട്ടുള്ളവയുടെ അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽനിന്നോ (ഫോൺ : 04924 222574), മണ്ണാർക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് (ഫോൺ 04924 225566), എന്നീ കാര്യാലയത്തിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

No. KFDDO/22392/2025-DFOMNRKD G2. *30th July 2025.*

The following quantity of Teak Billets collected from 1964 TP Puttanikkad (2 Teak trees) under Thiruvizhamkunnu Forest Station in Mannarkkad Range under Mannarkkad Division will be offered for sale by e-auction on 8th August, 2025.

Those who registered for auction with MSTC Company only can have the right to participate in e-auction. Further details can be had from the website www.mstcecommerce.com or Phone No. 04924 222574.

Range—Mannarkkad.

Location—Thiruvizhamkunnu.

Species—Teak Billets.

Quantity—0.5 MT.

EMD—₹ 25,000.

Date from which the relevant documents of e-auction will be available in the website—8-8-2025.

Date from which the bidders can be participated in the e-auction—8-8-2025.

Next auction date—18-8-2025 & 28-8-2025.

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide Notification No. Pro. (4)-29243/2013 dated 21-8-2014 of Additional Principal Chief Conservator of Forest (Pro.), Thiruvananthapuram published in Kerala Gazette No. 36, Volume III, Part III, dated 16-9-2014, Notification No. Pro. (4)-29243/2013 dated 17-10-2014 of Additional Principal Chief Conservator of Forest (Protection), Thiruvananthapuram published in Kerala Gazette No. 43, Volume III, Part III dated 4-11-2014 and Notification No. Pro. (4)-29243/2013 dated 3-2-2015 of Additional Principal Chief Conservator of Forest (Vigilance), Thiruvananthapuram published in Kerala Gazette No. 8, Volume III, Part III, dated 24-2-2015.

The Divisional Forest Officer, Mannarkkad reserves all the right to exclude any class or quantity of materials shown in the schedule above for sale. EMD amount of ₹ 25,000 can be remitted through online payment system to MSTC by 2 p.m. on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. If the sale value of bid materials is not paid within the specified time period against any of the bid lot by the H1, bidder, the EMD will be forfeited.

The successful bidder, 35% of the bid value after adjusting the EMD already remitted shall be paid within 7 working days of issuance of acceptance letter. The mode of payment is through e-Treasury of Government of Kerala.

E-auction document and connected records are available in the website: www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover(s) on the www.mstcecommerce.com website and e-auction document submitted manually/through post will not be entertained.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Online e-auction bids are to be accompanied with relevant documents. e-auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction help desk number available in the www.mstcecommerce.com website and from the Office of the Divisional Forest Officer, Mannarkkad during the office hours. The details regarding e-payment (Bidders Bank Account Number, where he/she is having core banking facility and email ID) should be submitted along with the e-auction document. E-auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest Department will not be responsible for any inconvenience or loss to the bidder while uploading/downloading the bid.

The bidders who wished to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer or any other approved identity document along with the EMD through online. Those who do not produce any approved Identity Card or Certificate will not be eligible to participate in the e-auction.

Intending persons may ensure the quantity or quality of materials put up for e-auction before the commencement of the same and no complaints will be entertained after e-auction. The quantity may become ready for sale after the publication of this notification will also be included in the tender cum auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this tender cum auction. The unsold materials in the e-auction will be placed along with the materials that may in the dumping depots on subsequent dates will be sold on the next auction date shown in the schedule and separate notification will not be published for the same.

If any modifications or change in the sale conditions are intimated by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram that will also be applicable to this e-auction. The undersigned reserves the right to alter the quantities of the materials mentioned in the above Schedule or to cancel the e-auction of any material without further notice.

Further details and information can be had from Divisional Forest Officer, Mannarkkad (Phone: 04924 222574) or Range Office, Mannarkkad Phone: 0494 253221 during working hours.

(Sd.)
Divisional Forest Officer.
(For and on behalf of the Governor of Kerala)

Divisional Forest Office,
Mannarkkad.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.05 02:33:53 +05:30